LIBRARY ARCHIVES Kerala Legislative Assembly

വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ സ്ഥിരമായി അദ്ധ്യാപകരെ നിയമിക്കുന്നതിന് സ്പെഷ്യൽ റൂൾസ്

*24 [294] ശ്രീ. കെ. കെ. ഷാജു:

,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ സ്ഥിരമായി അദ്ധ്യാപകരെ നിയമിക്കാത്തതുമൂലം ആ രംഗത്തുണ്ടായിട്ടുള്ള വിദ്യാഭ്യാസ നിലവാരത്തകർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അദ്ധ്യാപകരെ വി. എച്ച്. എസ്. ഇ.-യിൽ സ്ഥിരമായി നിയമിക്കുന്നതിന് ആവശ്യമായ സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുന്നതിന്റെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) നിശ്ചിത സമയത്തിനകം വി. എച്ച്. എസ്. ഇ.-യുടെ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) സ്പെഷ്യൽ റൂൾസ് ഉണ്ടാക്കുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ സ്ഥിരാദ്ധ്യാപകരുടെ അഭാവമുണ്ടെങ്കിലും ഈ രംഗത്ത് വിദ്യാഭ്യാസ നിലവാരത്തകർച്ചയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സമയം ആവശ്യമാണ്. സ്പെഷ്യൽ റൂൾസ് കുറ്റമറ്റതാക്കേണ്ടതിനാൽ മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിക്കുവാൻ നിർവ്വാഹമില്ല. അതിനാലാണ് സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിന് കാലതാമസം നേരിടുന്നത്.

(ഇ) സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിൽ മനഃപൂർവ്വമായ കാല താമസം ആരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതായി കാണുന്നില്ല.

കേരളത്തിലെ സർവ്വകലാശാലകളിലെ കോളേജുകളിൽ നടത്തപ്പെടുന്ന ഇതര സർവ്വകലാശാലകളുടെ കോഴ്സുകൾ

*25 [295] പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

,, എം. എ. ചന്ദ്രശേഖരൻ:

,, അടൂർ പ്രകാശ്:

,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന നിയമം മൂലം സ്ഥാപിക്കപ്പെട്ടിട്ടുള്ള സർവ്വകലാശാല കളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ സംസ്ഥാനത്തിന് പുറത്തുള്ളതോ, വിദേശത്തുള്ളതോ ആയ ഏതെങ്കിലും സർവ്വകലാശാലകളുടെ സിലബസനുസരിച്ചുള്ള കോഴ്സുകൾ നടത്തിവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സർവ്വകലാശാലകളിലെ ഏതെല്ലാം കോളേജു കളിലാണ് ഇത്തരം കോഴ്സുകൾ നടത്തുന്നതെന്നതും എന്തെല്ലാം കോഴ്സുകളാണ് ഇപ്രകാരം നടത്തപ്പെടുന്നതെന്നും വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഉണ്ട്.

(ബി) കേരള സർവ്വകലാശാലയുടെ കീഴിൽ കൊല്ലം എസ്. എൻ. വനിതാ കോളേജിൽ മക്കൻലാൽ ചതുർവേദി രാഷ്ട്രീയ പത്രകാരിത വിശ്വവിദ്യാലയ എന്ന സർവ്വകലാശാലയുടെ കോഴ്സുകൾ നടത്തുന്നതായി സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആയതിനെക്കുറിച്ച് അന്വേഷിക്കുന്നതിനായി സിൻഡിക്കേറ്റ് ഒരു അന്വേഷണ സമിതിയെ നിയമിച്ചിട്ടുണ്ടെന്നും അന്വേഷണ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല എന്നും കേരള സർവ്വകലാശാല രജിസ്ട്രാർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. 2/196/2013—7.

LIBRARY ARCHIVES Kerala Legislative Assembly